Deputy Speaker : The question is that the Kerala Panchayats (Amendment) Bill, 1963 be referred to a Select Committee consisting of the following members:

1. Shri T. A. Thomman
2. ,, M. Narayana Kurup
3. Smt. K. R. Saraswathy Amma
4. Shri M. A. Antony
5. ,, K. Moideenkutty Hajee
6. ,, P. Balachandra Menon
7. ,, P. Abdul Majeed
8. ,, T. K. Ramakrishnan
9. ,, V. P. C. Thangal
10. ,, P. M. Kunhiraman Nambiar
11. ,, M. M. Sundaram
12. ,, Kuroor Neelakandan Namboodiripad
13. ,, M. C. Abraham
14. ,, K. K. Viswanathan and the mover

The motion was put and carried. The Bill was referred to the Select Committee.

Deputy Speaker : Now, we pass on to the next item in the agenda.

The Travancore Chitties (Amendment) Bill, 1963.

Minister for Home affairs **(Shri P. T. Chacko) :** Madam, I introduce the Travancore Chitties (Amendment) Bill, 1963.

Deputy Speaker : The Bill stands introduced.

Shri P. T. Chacko : Madam, I move that the Travancore Chitties (Amendment) Bill, 1963 be taken into consideration.

Shri K. A. Damodara Menon : Madam, I second the motion.

Shri P. T. Chacko : Madam, this is a small measure which is intended to meet a particular situation due to the liquidation of the Palai Central Bank Ltd., and some other banks. It has become necessary that the subscribers be given the power to amend the *variola* to the effect that they can add the name of a bank or delete the name of the bank. Under Section 13 (1) of the Act, the subscribers have no such power. Therefore, this particular Bill is intended to meet this particular situation.

Shri M. Narayana Kurup : Madam, I move that the Travancore Chitties (Amendment) Bill, 1963 be referred to a Select Committee with authority to scrutinise the provisions of the Principal Act.

മാഡം, ഇതു ഒരു ലളിതമായിട്ടുള്ള നിയമഭേദഗതിയാണെന്നു മന്ത്രി പറയുന്നതിനോടു ഞാനും യോജിക്കുന്നു. എന്നാൽ എന്തിനു അതു സങ്കീർണ്ണമാക്കാൻവേണ്ടി ഒരു ഭേദഗതി കൊടുത്തു എന്നു ചോദിച്ചാൽ, എനിക്കു അതിനൊരു സമാധാനം പറയാനുണ്ടു്. ഇന്നു ഈ ചിട്ടിനിയമം തിരുവിതാംകൂറിലും കൊച്ചിയിലും മാത്രമേയുള്ളു. മലബാർ പ്രദേശത്തു അങ്ങനെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. നാരായണക്കുറുപ്പ്]

നിയമവും ഇല്ല. കേരളപ്പിറവിക്കുശേഷം ഇവിടെ പല നിയമങ്ങളും ഏകീകരിച്ചിട്ടുണ്ട്. അതു ഏതുതരത്തിൽ വേണമെന്നുള്ളതിനെപ്പറ്റി സഭയിൽ പല വാദപ്രതിവാദങ്ങളും ഉണ്ടായിട്ടുണ്ട്. ഒന്നിലധികം സന്ദർഭങ്ങളിൽ ഇവിടെ എടുത്തിട്ടുള്ളതായ നടപടിക്രമങ്ങളും ഈ ടി. സി. എന്നുള്ളതു മാറുക അല്ലെങ്കിൽ എടുത്തുകളയുക, അങ്ങനെ നിയമം മുഴുവൻ കേരളത്തിലേയ്ക്കും അതു ബാധകമാക്കുക എന്നുള്ളതാണ്. ഞാൻ ഈ സെലക്ട് കമ്മറ്റിക്കയയ്ക്കണം എന്നു പറയുന്നതിന്റെ അർത്ഥം അങ്ങനെ ഒരു പെറിയ ഭേദഗതി പെയ്താൽ ഈ നിയമത്തിലെ വ്യവസ്ഥകളും മലബാർ പ്രദേശത്തേയ്ക്കുകൂടി ബാധകമാക്കാൻ കഴിയുമോ എന്നു പരിശോധിക്കാൻ വേണ്ടിയാണ്. അതു ഇല്ലാത്തതുകൊണ്ടു ഇന്നീചിട്ടിസംബന്ധമായി എന്തെല്ലാം കുഴപ്പങ്ങളും വഞ്ചനകളുമാണ് നടക്കുന്നതെന്നു പറയാൻ ആകുകയില്ല. ഏതാണ്ട് ചായപ്പീടികകളും ആയുർവ്വേദഷാപ്പുകളുംപോലെയാണ് ഈ ചിട്ടി നടത്തുന്ന സ്ഥാപനങ്ങളുടെ ബോർഡുകളും ഇന്നു നാട്ടിൽ കാണപ്പെടുന്നതു്. പക്ഷെ, ചിട്ടിസംബന്ധമായി അതിന്റെ ഇടപാടുകളും നിയന്ത്രിക്കുന്ന യാതൊരു നിയമവും ആ പ്രദേശത്തു ഇല്ലാത്തതുകൊണ്ടു പൊതുജനങ്ങളും ഇന്നു വഞ്ചിക്കപ്പെടുകയാണ്. എന്റെ ഓർമ്മ ശരിയാണെങ്കിൽ കോഴിക്കോട്ടു ഒരു ചിട്ടിഫണ്ടുകാരൻ രണ്ടുലക്ഷത്തിലധികം രൂപാ പൊതുജനങ്ങളെ വഞ്ചിച്ചു കൈക്കലാക്കിക്കൊണ്ടുപോയി. ഇതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടാത്ത ഒരു സംഗതിയല്ല. ഞാൻ ഓർമ്മിക്കുന്നു, 1957-ൽ കമ്മ്യൂണിസ്റ്റുമന്ത്രിസഭ ഒരു കേരളാ ചിട്ടി ബിൽ ഈ അസംബ്ലിയിൽ അവതരിപ്പിക്കയുണ്ടായി. അങ്ങനെ ഒരു നിയമത്തിന്റെ ആവശ്യം വന്നതുകൊണ്ടായിരിക്കും അന്നു അതു ചെയ്തതു്. അതു ഏതെങ്കിലും രൂപത്തിൽ കേരളത്തിൽ ഒട്ടാകെ ബാധകമാകത്തക്കവിധത്തിൽ കൊണ്ടുവരണമെന്നു പറഞ്ഞു. പക്ഷെ, എന്താണെന്നു എനിക്കു അറിഞ്ഞുകൂടാ, അതു നിയമമായി വന്നില്ല. അങ്ങനെ ഒരു ചിട്ടിനിയമം പാസ്സാക്കി മലബാർ പ്രദേശത്തേയ്ക്കുകൂടി വ്യാപിപ്പിച്ചു് ഈ സമ്പ്രദായത്തെ നിയന്ത്രിക്കാനും നേരായ വഴിക്കു നടത്താനും ഗവണ്മെന്റു തുനിഞ്ഞിട്ടില്ല. അപ്പോഴും വളരെ ആദർശപരമായിട്ടുള്ള ഒരു നിയമം കാത്തിരുന്നതുകൊണ്ടുള്ളതായ വേഷ്യത്തിനെപ്പറ്റി ആലോചിച്ചു, ഈ നിയമത്തിൽ തിരുവിതാംകൂർ എന്നുള്ള ഭാഗമെങ്കിലും എടുത്തുകളഞ്ഞു തദ്ദേശസ്ഥമായിട്ടുള്ള പദപ്രയോഗങ്ങളും ഈ നിയമത്തിൽ വരുത്തി അതിന്റെ ഗുണം മലബാറിലെ പൊതുജനങ്ങൾക്കുകൂടി കിട്ടാൻ സാധിച്ചാൽ അതൊരു നേട്ടമായിരിക്കും. അത്രമാത്രമാണ് ഇതു സെലക്ട് കമ്മറ്റിക്കയയ്ക്കണമെന്നു ഞാൻ പറഞ്ഞതിന്റെ ഉദ്ദേശം. അതിനു ഗവണ്മെന്റു തയാറാകുമെന്നു ഞാൻ വിശ്വസിക്കുന്നു. അല്ലെങ്കിൽ ഏറ്റവും അടിയന്തിരമായവിധത്തിൽ ഒരു അഖില കേരളാ ചിട്ടിനിയമം ഈ സഭയിൽ അവതരിപ്പിച്ചു രൂപക്ഷെ, സെലക്ട് കമ്മിറ്റിക്കു പോകാതെതന്നെ അതു നിയമമാക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. എന്റെ ഈ അഭിപ്രായം ബഹുമാനപ്പെട്ട മന്ത്രി സഗൗരവം പരിഗണിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

Shri T. A. Thomman: Madam, I move that the Travancore Chitties (Amendment) Bill, 1963 may be referred to a Select Committee.

സർ, ഇന്നു തിരുവിതാംകൂർ പ്രദേശത്തെ സംബന്ധിച്ചു തിരുവിതാംകൂർ ചിട്ടി ആക്ടും, കൊച്ചിൻ പ്രദേശത്തെ സംബന്ധിച്ചു കൊച്ചിൻ ചിട്ടി ആക്ടുമാണ് നിലവിലുള്ളതു്. മലബാർ ഏരിയായെ സംബന്ധിച്ചിടത്തോളം ഒരു ചിട്ടി ആക്ടുമില്ല. അപ്പോഴും തിരുവിതാംകൂറിലും, കൊച്ചിയിലും, മലബാറിലും പ്രത്യേകം പ്രത്യേകം നിയമവ്യവസ്ഥയുള്ളതു് ശരിയല്ല. ഈ നിയമങ്ങളും ഒക്കെ ഏകീകരിക്കേണ്ടതു വളരെ ആവശ്യമാണ്. വളരെക്കാലമായി കേരളം ഒന്നായി എങ്കിലും ഓരോ വിഭിന്നനിയമങ്ങളും പ്രത്യേകം പ്രദേശങ്ങൾക്കായി ഇനിയും നിലവിലിരിക്കുന്നതായി തോന്നുന്നു. അതുകൊണ്ടാണ് ഞാനീഭേദഗതി അവതരിപ്പിച്ചതു്. അതേയവസരത്തിൽ ശ്രീമാൻ നാരായണക്കുറുപ്പ് ചൂണ്ടിക്കാണിച്ചതുപോലെ നേരത്തെ

LIBRARY ARCHIVES Kerala Legislative Assembly

കമ്മ്യൂണിസ്റ്റ് ഭരണകാലത്തു ഒരു ചിട്ടിബിൽ ഈ നിയമസഭയിൽ കൊണ്ടു വരികയും അതു സെലക്റ്റുകമ്മറ്റിയിലേയ്ക്കു് അയയ്ക്കുന്നതിനായിട്ടുള്ള ഒരു മോഷൻ ഇവിടെ അവതരിപ്പിക്കുകയും ചെയ്തതാണു്. അപ്പോഴാണു് പ്രസിഡൻറു ഇടപെട്ട ആ കമ്മ്യൂണിസ്റ്റുമന്ത്രിസഭ പിരിച്ചയച്ചതു്. എന്നാൽ അതിനുശേഷം ഇങ്ങനെ ഒരു ബിൽ കൊണ്ടുവരുന്നതിനു ഗവണ്മെൻറിനെസംബന്ധിച്ചിടത്തോളം വളരെ പ്രയാസമുള്ളതായ കാര്യമില്ല. നേരത്തെ ഒരു ചിട്ടിബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതുകൊണ്ടു് ഒരു പുതിയ ബിൽ എല്ലാ പ്രദേശത്തേയ്ക്കുകൂടി വ്യാപിപ്പിച്ചുകൊണ്ടു ഉടൻ കൊണ്ടുവരുമെന്നു ഞാൻ വിചാരിക്കുകയാണു്. ഇന്നു ചിട്ടികളെ സംബന്ധിച്ചിടത്തോളം ഒരു നിയന്ത്രണം വളരെ ആവശ്യമാണു്. ഇന്നു നാട്ടിൽ പല ഭാഗത്തും ദിവസ ചിട്ടികളും നടത്തുന്നുണ്ടു്. അതു ശരിയായവിധത്തിൽ അല്ല പലടത്തും നടത്തുന്നതു്. അവർ ചിട്ടികളെ രജിസ്റ്റർ ചെയ്യാതെയും ചിട്ടിനിയമങ്ങളെ ലംഘിച്ചുമാണു് ചിട്ടികളെ നടത്തുന്നതു്. അങ്ങനെ നിയമപ്രകാരമല്ലാതെ ചിട്ടി നടത്തുന്ന ആളുകളുടെ പേരിൽ നടപടി നടത്താതെ ഇങ്ങനെ ചിട്ടി നടത്താൻ അനുവദിക്കുന്നതു ശരിയല്ല. അതുപോലെ ചിട്ടി രജിസ്റ്റർ ചെയ്യാതെയും ചിട്ടി നടത്തുന്നതിനുള്ള ലൈസൻസു എടുക്കാതെയും ചിട്ടി നടത്തുന്നുണ്ടു്. അതു അനുവദിക്കാതിരിക്കുന്നതിനു ലൈസൻസു എടുക്കുക എന്നുള്ളതു ഊർജിതപ്പെടുത്തണം. പലസ്ഥലത്തും അങ്ങനെ ചിട്ടികളും നടത്തുന്നതായി കാണാം. വളരെ അധികം സംഖ്യകളും അവരുടെ അടുക്കൽ ചെന്നുകഴിഞ്ഞാൽ ചിട്ടിമുൻപന്മാർ അപ്രത്യക്ഷരാകുന്നതായിക്കാണാം. അങ്ങനെ നിയമം ലംഘിച്ചു ചിട്ടിനടത്താൻ അനുവദിക്കുന്നതുകൊണ്ടാണു് ഇതു സംഭവിക്കുന്നതിനിടയാകുന്നതു്. ഈ കാര്യത്തിൽ ഡിപ്പാർട്ടുമെൻറും ഗവണ്മെൻറും കൂടുതൽ ശ്രദ്ധിച്ചു ലൈസൻസില്ലാതെ നടത്തുന്നതും രജിസ്റ്റർ ചെയ്യാതെ നടത്തുന്നതുമായ ; ഉള്ളതിൽ കൂടുതൽ തുകയ്ക്കു ചിട്ടി നടത്തുന്നതുമായ ആളുകളുടെ പേരിൽ, അങ്ങനെ നിയമത്തിനെതിരായി ചിട്ടിനടത്തുന്നവരുടെ പേരിൽ നടപടി നടത്തുന്നതിലേയ്ക്കു് ആവശ്യമായ നടപടി സ്വീകരിക്കുകയും ഉടനെ കേരള ഒട്ടാകെ ബാധകമാകത്തക്ക ഒരു നിയമം കൊണ്ടുവരുമെന്നും ഞാൻ പ്രത്യാശിക്കുകയാണു്,

ശ്രീ. പി. ടി. ചാക്കോ : മാഡം, ശ്രീ. നാരായണക്കുറുപ്പും, ശ്രീ. ടി. എ. തൊമ്മനും പറഞ്ഞ അഭിപ്രായങ്ങളോടു ഞാൻ വളരെ ശ്രദ്ധയോടുകൂടി കേൾക്കുകയായിരുന്നു. ശ്രീ. ടി. എ. തൊമ്മൻ പറഞ്ഞു, മുൻപു് കമ്മ്യൂണിസ്റ്റു ഗവണ്മെൻറു് ഇങ്ങനെയൊരു ബില്ലു് നിയമസഭയിൽ കൊണ്ടുവന്നെങ്കിലും പ്രസിഡൻറു് ആ ഗവണ്മെൻറിനെ ഡിസ്മിസു ചെയ്തതുകൊണ്ടു പാസ്സാക്കാൻ സാധിച്ചില്ല എന്നു്. ഏകദേശം അങ്ങനെയൊരു കാലമായി ഇപ്പോഴും എന്നാണു് ശ്രീ. തൊമ്മന്റെ അഭിപ്രായമെങ്കിൽ ഞാനും ഒരു ബിൽ കൊണ്ടുവരുമായിരുന്നു.

സർ, ശ്രീ. നാരായണക്കുറുപ്പു് പറഞ്ഞതുപോലെ, ഈ ബിൽ സെലക്റ്റു കമ്മിറ്റിക്കു പോയാൽ ഇതിനു് യൂണിഫിക്കേഷൻ വരികയില്ല. അതു ഈ ബില്ലിന്റെ സ്റ്റോപ്പിൽപ്പെട്ടതുമല്ല. കൊച്ചിയിലേയും, തിരുവിതാംകൂറിലെയും ബില്ലുകളും പരിശോധിച്ചു് ഈ രണ്ടു സുഹൃത്തുക്കളും പറഞ്ഞതുപോലെ ഒരു യൂണിഫൈഡു മെഷർ കൊണ്ടുവരുന്നതിനാണു് ഇപ്പോഴും ഉദ്ദേശിച്ചിട്ടുള്ളതു്. ഇതു ഇനി താമസിപ്പിക്കാൻ പാടില്ലാത്തതാണു്. പല ചിട്ടി വരിയോലകളിലും, ചിട്ടിആക്റ്റു 13/1 വകുപ്പു് അനുസരിച്ചു് ഇന്ന ബാങ്കിൽ ചിട്ടിയുടെ പണം സൂക്ഷിക്കണമെന്നു ബാങ്കിന്റെ പേരു പ്രത്യേകം പറഞ്ഞിരിക്കും. ചിലപ്പോഴും ആ ബാങ്കു ലിക്വിഡേഷനിലാകും. പിന്നു മറ്റു ബാങ്കിൽ പണം നിക്ഷേപിക്കാനും സാധ്യമല്ല, അങ്ങനെ ചെയ്യണമെങ്കിൽ ആ വകുപ്പു് ഡിലിറ്റുചെയ്യണം. ഇങ്ങനെയൊരു ദുരവസ്ഥ ഇന്നു ചിട്ടി നടത്തുന്നവർക്കുണ്ടു്, അതു് ഒഴിവാക്കാൻ പെട്ടെന്നു് ഇതു പാസ്സാക്കേണ്ടിയിരിക്കുന്നു. ഈ കാരണത്താൽ ഇതു സെലക്റ്റു കമ്മിറ്റിക്കു് അയയ്ക്കണമെന്നുള്ള അഭിപ്രായത്തെ സ്വീകരിക്കുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

Deputy Speaker: Mr. Narayana Kurup, are you pressing your amendment?

Shri M. Narayana Kurup: No.

The amendment was, by leave, withdrawn.

Deputy Speaker: Mr. T. A. Thomman, are you pressing your amendment?

Shri T. A. Thomman: No.

The amendment was, by leave, withdrawn.

The question that the Travancore Chitties (Amendment) Bill be taken into consideration was put and carried.

The Bill was taken into consideration.

Clause 2

The question that Clause 2 stand part of the Bill was put and carried.

Clause 2 was added to the Bill.

Clause 1

Shri P. T. Chacko : I move that in Clause 1, for the figures '1963' the figures '1964' be substituted.

The amendment was put and carried.

The question that Clause 1, as amended, stand part of the Bill was put and carried.

Clause 1, as amended, was added to the Bill.

Preamble and Title

Shri P. T. Chacko : I move that in the Preamble for the word "Fourteenth" the word "Fifteenth" and in the Title for the figures "1963" the figures "1964" be substituted.

The amendment was put and carried.

The question that the Preamble and Title, as amended, stand part of the Bill was put and carried.

The Preamble and Title, as amended, were added to the Bill.

Shri P. T. Chacko : Madam, I move that the Travancore Chitties (Amendment) Bill, 1963 be finally passed.

Shri K. A. Damodara Menon: I second it.

The question that the Travancore Chitties (Amendment) Bill be passed was put and carried.

The Bill was passed.

The Kerala Anatomy (Amendment) Bill, 1963.

Minister for Public Health (**Shri M. P. Govindan Nair**) : Madam, I introduce the Kerala Anatomy (Amendment) Bill, 1963.

Deputy Speaker: The Bill stands introduced.

Shri M. P. Govindan Nair: Madam, I move that the Kerala Anatomy (Amendment) Bill, 1963, be taken into consideration.

Minister for Harijan Welfare (**Shri K. Kunhambu**) : Madam, I second it.

LIBRARY ARCHIVES Kerala Legislative Assembly